## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.5003

14.11.2019-ൽ മറുപടിക്ക്

### തീരദേശ അടിസ്ഥാനസൗകര്യ വികസനത്തിന് കിഫ്ബി പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എസ്.ശർമ്മ<br>,, എം. മുകേഷ്<br>,, വി. അബ്ദുറഹിമാൻ<br>,, വി.കെ.പ്രശാന്ത് :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | തീരദേശ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി വഴി നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ നിലവിലെ സ്ഥിതിയെന്താണെന്നും വ്യക്തമാക്കാമോ; | (എ) | തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി തീരസംരക്ഷണ പ്രവൃത്തികൾ, മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം, തീരദേശ സ്കൂളുകളുടെ നവീകരണം, മത്സ്യമാർക്കറ്റുകളുടെ നവീകരണം എന്നിവ കിഫ്ബി മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ മത്സ്യബന്ധന തുറമുഖങ്ങളോടനുബന്ധിച്ചുള്ള തീരസംരക്ഷണ പ്രവൃത്തികൾ (7 എണ്ണം), പരപ്പനങ്ങാടി മത്സ്യബന്ധനതുറമുഖം, പൂന്തുറ ഓഫ് ഷോർ ബ്രേക്ക് വാട്ടർ എന്നിവയ്ക്ക് കിഫ്ബിയുടെ അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br>അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 294.72 കോടി രൂപയ്ക്ക് സ്കൂളുകളും 193.46 കോടി രൂപയ്ക്ക് മാർക്കറ്റുകളും നിർമ്മിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ 64.84 കോടി രൂപ അടങ്കൽ വരുന്ന 57 സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി സൈറ്റിൽ അപ് ലോഡ് ചെയ്യുകയും കിഫ്ബിയുടെ സൂക്ഷ്മപരിശോധന പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിലുൾപ്പെടുത്തി നടപ്പാക്കുന്ന മാർക്കറ്റുകളുടെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു. |
| (ബി) | ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണത്തിനുള്ള പദ്ധതിയെക്കുറിച്ചും ഏതെല്ലാം ഹാർബറുകളാണ് കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ; | (ബി) | മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖം, ആലപ്പുഴ ജില്ലയിലെ ചെത്തി മത്സ്യബന്ധന തുറമുഖം എന്നിവയ്ക്ക് തത്വത്തിൽ അംഗീകാരം നൽകുകയും തുടർന്ന് പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന് 112.22 കോടി രൂപയുടെ അനുമതി കിഫ്ബി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തീകരിച്ചുവരുന്നു.<br>ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ |

<table>
<tr><td></td><td></td><td></td><td>98.16 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയിൽ പരിശോധിച്ചു വരുന്നു.</td></tr>
<tr><td>(സി)</td><td>ഹാർബർ നിർമ്മാണത്തിന് കേന്ദ്രസർക്കാരിൽ നിന്ന് സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;</td><td>(സി)</td><td>കേന്ദ്ര സർക്കാരിൽ നിന്നും മത്സ്യബന്ധനതുറമുഖങ്ങളുടെ നിർമ്മാണത്തിന് സഹായം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നമ്പർ</th><th>ഹാർബറിന്റെ പേര്</th><th>ഭരണാനുമതി തുക (ലക്ഷത്തിൽ)</th><th>ലഭ്യമായ കേന്ദ്ര വിഹിതം (ലക്ഷത്തിൽ)</th></tr>
<tr><td>1</td><td>അർത്തുങ്കൽ മത്സ്യബന്ധനതുറമുഖം</td><td>4949</td><td>1050</td></tr>
<tr><td>2</td><td>ചേറ്റുവ മത്സ്യബന്ധനതുറമുഖം</td><td>3024</td><td>2301</td></tr>
<tr><td>3</td><td>താനൂർ മത്സ്യബന്ധനതുറമുഖം</td><td>4487</td><td>2550</td></tr>
<tr><td>4</td><td>കൊയിലാണ്ടി മത്സ്യബന്ധനതുറമുഖം</td><td>6399</td><td>3199.50</td></tr>
<tr><td>5</td><td>വെള്ളയിൽ മത്സ്യബന്ധനതുറമുഖം</td><td>3930.2</td><td>1750</td></tr>
<tr><td>6</td><td>തലായ് മത്സ്യബന്ധനതുറമുഖം</td><td>3479.5</td><td>1989.75</td></tr>
<tr><td>7</td><td>മഞ്ചേശ്വരം മത്സ്യബന്ധനതുറമുഖം</td><td>4880</td><td>1880</td></tr>
<tr><td>8</td><td>ചെറുവത്തൂർ മത്സ്യബന്ധനതുറമുഖം</td><td>2906</td><td>2179.5</td></tr>
</table></td></tr>
<tr><td>(ഡി)</td><td>നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ ആഴം കൂട്ടാനുള്ള പദ്ധതിയെക്കുറിച്ചും പരീക്ഷണാടിസ്ഥാനത്തിൽ പൂന്തുറയിൽ നിർമ്മിക്കുന്ന ഓഫ് ഷോർ ബ്രേക്ക് വാട്ടറിനെക്കുറിച്ചും അറിയിക്കാമോ;</td><td>(ഡി)</td><td>നീണ്ടകര മത്സ്യബന്ധന തുറമുഖത്തിൽ വാർഷിക ഡ്രെഡ്ജിംഗ് അത്യന്താപേക്ഷിതമാണ്. നിലവിൽ 50% കേന്ദ്ര ധനസഹായ പദ്ധതിയിലുൾപ്പെടുത്തി നീണ്ടകര മത്സ്യബന്ധന തുറമുഖ ബേസിന്റെ ഡ്രെഡ്ജിംഗ് (180 ലക്ഷം) പ്രവൃത്തി പുരോഗമിച്ചുവരുന്നു. പൂന്തുറ വലിയതുറ ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മാണത്തിന് NIOT ലഭ്യമാക്കിയ ഡിസൈൻ പ്രകാരം 100 മീറ്റർ നീളത്തിൽ ഓഫ് ഷോർ ബ്രേക്ക് വാട്ടറുകൾ തീരത്തു നിന്നും 100 മീറ്റർ അകലത്തിൽ തീരത്തിനു സമാന്തരമായി നിർമ്മിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഇതുമൂലം തീരത്തോടടുക്കുന്ന വൻതിരമാലകളുടെ ശക്തി കുറയുകയും തീരശോഷണ സാധ്യത ഇല്ലാതാകുകയും</td></tr>
</table>

| | | | |
|---|---|---|---|
| | | | ചെയ്യും. ഇതോടൊപ്പം തന്നെ ഓഫ് ഷോർ ബ്രേക്ക് വാട്ടറിനും തീരത്തിനും ഇടയിലുള്ള ബീച്ച് നറിഷ് മെന്റ് ചെയ്ത് കരയാക്കി മാറ്റുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. NIOT യുടെ സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 17.80 കോടി രൂപയുടെ അംഗീകാരം കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ഫിഷിംഗ് ഹാർബർ പ്രോജക്റ്റ് തലായ് ഇൻ കണ്ണൂർ കൺസ്ട്രക്ഷൻ ഓഫ് അഡീഷണൽ ഗ്രോയിൻസ് | 348.00 | പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| 2 | ബീച്ച് സ്റ്റബിലൈസേഷൻ ഓൺ സതേൺ സൈഡ് ഓഫ് മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ | 1347.00 | കരാർ ഉടമ്പടി ഒപ്പുവച്ചു. |
| 3 | പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ | 11222.00 | പ്രവൃത്തിയുടെ കരാർ അംഗീകരിച്ചിട്ടുണ്ട്. |
| 4 | ഷോർ പ്രൊട്ടക്ഷൻ വർക്ക് ഫ്രം കൊല്ലം ബീച്ച് റ്റു താന്നി | 3508.00 | കരാർ ഉടമ്പടി ഒപ്പുവച്ചു. |
| 5 | മുതലപ്പൊഴി ഫിഷറി ഹാർബർ - ഷോർ പ്രൊട്ടക്ഷൻ വർക്ക് അറ്റ് താഴംപള്ളി സൈഡ് ആന്റ് കഠിനംകുളം കായൽ | 1831.00 | റീ ടെണ്ടറിൽ ലഭിച്ച ദർഘാസ് പരിശോധിച്ചു വരുന്നു. |
| 6 | കൺസ്ട്രക്ഷൻ ഓഫ് ഗ്രോയിൻസ് അറ്റ് കായംകുളം ഫിഷിംഗ് ഹാർബർ | 242.00 | റിവൈസ്ഡ് ഡിസൈൻ , എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി വരുന്നു. |
| 7 | കൺസ്ട്രക്ഷൻ ഓഫ് ഗ്രോയിൻസ് അറ്റ് തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ | 240.00 | റിവൈസ്ഡ് ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി വരുന്നു. |
| 8 | കൺസ്ട്രക്ഷൻ ഓഫ് ഗ്രോയിൻസ് ഓൺ സതേൺ സൈഡ് ഓഫ് എസ്റ്റ്യുറി ഓഫ് ചേറ്റുവ ഫിഷിംഗ് ഹാർബർ | 686.00 | റീ ടെണ്ടറിൽ ലഭിച്ച ദർഘാസ് പരിശോധിച്ചു വരുന്നു. |
| 9 | ഷോർ പ്രൊട്ടക്ഷൻ വർക്ക് പ്രൊവൈഡിംഗ് ബീച്ച് ലാന്റിംഗ് ഫെസിലിറ്റി ഫോർ ട്രെഡീഷണൽ ഫിഷർമെൻ അറ്റ് പൂന്തുറ | 1780.00 | കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ചു. ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ